**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3624** **14-07-2022 - ൽ മറുപടിയ്ക്ക്**

**കൊല്ലം ഹോക്കി സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം മുകേഷ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കൊല്ലം ഹോക്കി സ്റ്റേഡിയത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണ്; നിർമ്മാണം പുരോഗമിക്കുന്നതും പുതിയതായി അംഗീകാരം ലഭിച്ചതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ? | (എ) | **കൊല്ലം ഹോക്കി സ്റ്റേഡിയത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിച്ച് വരുന്ന നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**<br>• **കൊല്ലം ഹോക്കി സ്റ്റേഡിയത്തിന്റെ നവീകരണം, ക്യാപിറ്റൽ റിപ്പയർ, ഇലക്ട്രിക്കൽ പ്രവൃത്തികൾ**<br>• **കൊല്ലം ഹോക്കി സ്റ്റേഡിയത്തിലെ സിന്തറ്റിക് ഹോക്കി പിച്ചിന്റെ വാർഷിക അറ്റകുറ്റപ്പണി - കരാർ 3 വർഷത്തേക്ക്**<br>• **ഹോക്കി സ്റ്റേഡിയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ-2-ാം ഘട്ടം**<br>**നിലവിൽ അംഗീകാരം ലഭിച്ചതും അംഗീകാരം ലഭിക്കാനുള്ളതുമായ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| നിലവിൽ അംഗീകാരം ലഭിച്ച പദ്ധതികൾ | | | |
|---|---|---|---|
| ക്രമ നമ്പർ | പ്രവൃത്തി | ഭരണാനുമതി തുക | നിലവിലെ സ്ഥിതി |
| 1. | കൊല്ലം ഹോക്കി സ്റ്റേഡിയത്തിൽ / നവീകരണം, ക്യാപിറ്റൽ റിപ്പയർ, ഇലക്ട്രിക്കൽ പ്രവൃത്തികൾ | 39,92,000/- | ടി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 2 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ് |

| | അംഗീകാരം ലഭിക്കാനുള്ള പദ്ധതി | | |
|---|---|---|---|
| 1. | കൊല്ലം ഹോക്കി സ്റ്റേഡിയത്തിലെ സിന്തറ്റിക് ഹോക്കി പിച്ചിന്റെ വാർഷിക അറ്റകുറ്റപ്പണി - (കരാർ 3 വർഷത്തേക്ക്) | 38,77,000/- രൂപയുടെ പ്രോപ്പസൽ ഭരണാനുമതിക്കായി SKF കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് സമർപ്പിച്ചിട്ടുണ്ട്. | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്ന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| 2. | ഹോക്കി സ്റ്റേഡിയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ - രണ്ടാംഘട്ടം | കോവിഡ് സെന്ററായി പ്രവർത്തിച്ച സ്റ്റേഡിയങ്ങൾ നവീകരിക്കുന്നതിനായി 2023 ബഡ്ജറ്റിൽ 2 കോടി രൂപ അനുവദിച്ചിരുന്നു. | ഭരണാനുമതിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

Rajesh Pillai
സെക്ഷൻ ഓഫീസർ